**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4851** | **27.06.2014 -ൽ മറുപടി നൽകേണ്ടത്**

**സാറ്റലൈറ്റ് മാപ്പിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കെ. ജയചന്ദ്രൻ** | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി** |
| (എ) ഉപഗ്രഹ ഛായാചിത്രങ്ങളുടെ സഹായത്തോടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (എ) 04-04-2012 -ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉപഗ്രഹ ഛായാചിത്രങ്ങളുടെ സഹായത്തോടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാനുള്ള പ്രൊപ്പോസൽ ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;<br>(സി) സാറ്റലൈറ്റ് മാപ്പിംഗ് പ്രവർത്തനം നടത്തുന്നതിനുള്ള അനുമതിക്കായി ഐ. കെ. എം അപേക്ഷ നൽകിയിരുന്നത് എന്നാണ് ; പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;<br>(ഡി) സാറ്റലൈറ്റ് മാപ്പിംഗ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകാമോ ? | (ബി), (സി) & (ഡി) ഇൻഫർമേഷൻ കേരളാ മിഷന്റെ 28-04-2012, 31-07-2012 എന്നീ തീയതികളിലെ IKM/GIS/2/12, IKM/GIS/53/12, നമ്പർ കത്തുകൾ പ്രകാരം ഭരണാനുമതിയ്ക്കായി സർക്കാരിനെ സമീപിക്കുകയും പ്രസ്തുത പ്രൊപ്പോസൽ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ് ഡയറക്ടറുടെ അഭിപ്രായത്തിനായി അയച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ